കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എംപി 2-.1846 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.

തീയതി -04.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി.2-1842 /2016 തീയതി – 04.02.2107

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.2.2016 മുതൽ 25.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണ- ക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.എം.ഗീത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 1.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗ്ഗീസ് | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |

| | | |
|---|---|---|
| | ശ്രീമതി. സോണിയ.ജെ.സെബാസ്റ്റ്യൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലാലു.ആർ. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രദീപ്കുമാർ.ബി | സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.എം.വി.താരാഭായി | 1.4.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ.ടി.ആർ ശങ്കരപ്പിള്ള | 1.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | : | ശ്രീകെ.വി.ശ്രീനിവാസൻ | 1.4.2015. മുതൽ 31.5.2015 വരെ |
| | | ശ്രീ. ജയപ്രകാശ്.പി | 1.6.2015 മുതൽ 23.7.2015 വരെ |
| | | ശ്രീ. എ.രാജൻആചാരി | 24.7.2015 മുതൽ 6.8.2015 വരെ |
| | | ശ്രീ.എസ്.നെൽസൺ | 7.8.2015 മുതൽ 11.1.2016 വരെ |
| | | ശ്രീ. എസ്.ശിവകുമാർ | 12.1.2016 മുതൽ 4.2.2016 വരെ |
| | | ഡോ.ജി.പ്രീതി നാഥ് | 5.2.2016 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |

| | | | |
|---|---|---|---|
| കൃഷി ഓഫീസർ | | ശ്രീ. അരുൺ സുഗതൻ | 1.4.2015 മുതൽ 31.3.2016.. വരെ |
| വെറ്റിനറി സർജൻ | | ഡോ. വിജയ് | 1.4.2015 മുതൽ 31.3.2016 വരെ |
| ..മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | | ഡോ. ജ്യോതി ലക്ഷ്മി | 1.4.2015 മുതൽ 31.3.2016.വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | ഡോ. ഗീത.പി<br>ഡോ. മിനി ജയദേവ്. | 1.4.2015 മുതൽ. 6.8.2015 വരെ 7.8.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ. സംഗീത .യു.കെ<br>ഡോ. സബിതാവിജയൻ | 1.4.2015 മുതൽ 22.8.2015 വരെ<br>23.8.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ലളിത.കെ | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | | 1)ഇസ്മയിൽകുഞ്ഞ് (മുതുപിലാക്കാട് ഡിവിഷൻ)<br>2)വിനോദ്കുമാർ (മുതുപിലാക്കാട് ഡിവിഷൻ)<br>3)പ്രസാദ് ഡെന്നീസ് | 1)1.4.2015 മുതൽ 3.3.2016 വരെ<br>2)4.3.2016 മുതൽ 31.3.2016 വരെ<br>3)1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | | ശ്രീമതി. ഷാഹിദ.കെ | 1.4.2015 മുതൽ 31.3.2016 വരെ |

| | | | |
|---|---|---|---|
| ഹെഡ് മാസ്ററർ ഗവ.എൽ.പി.എസ്. | | 1)ശ്രീ. ഡി.പ്രസാദ്<br>2)ശ്രീമതി.എൻ.വിജയമ്മ | 1)1.4.2015 മുതൽ 18.9.2015 വരെ<br>2)19.9.2015 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി. | | 1)ശ്രീ.ജയപ്രകാശ്.പി<br>2)ശ്രീ.എസ്.ശിവകുമാർ | 1)1.4.2015 മുതൽ 23.7.2015 വരെ<br>2)20.8.2015മുതൽ 31.3.2016 |
| അസി.എഞ്ചിനീയർ | | 1)ശ്രീ.എം.എസ്.ഷാജി | 1.4.2015 മുതൽ 31.5.2015വരെ |
| | | 2)ശ്രീമതിആഭ ഗോപിനാഥ് | 1.6.2015 മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-1 |
| 13 | സ്ഥാപനതൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ | 2-2 |
| 14 | ആവശ്യമായ രേഖകളില്ലാതെ ലൈസൻസ് അനുവദിക്കുന്നു | 2-3 |
| 15 | ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള ഫീസ് ഈടാക്കുന്നില്ല | 2-4 |
| | ഭാഗം 3 | |
| 16 | ഓട്ടോ വാങ്ങുന്നതിന് സബ്സിഡി -രേഖകളില്ല - 200000/- രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 17 | കാലിത്തീറ്റ വിതരണം -രേഖകൾ ഹാജരാക്കിയില്ല - 250000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | വിനിയോഗ പൂർത്തീകരണ രേഖകളില്ല - പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് തടസ്സപ്പെടുത്തുന്നു | 3-3 |
| 19 | തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-4 |
| 20 | സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരമൊടുക്കുന്നു. | 3-5 |
| 21 | പൂർത്തീകരണ / വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല- 2149041 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |

| | | |
|---|---|---|
| 22 | കണ്ടോലിൽ മുക്ക് - കാവിൻമുക്ക് റോഡ് കോൺക്രീറ്റിംഗ് - അധികം തുക നൽകി | 3-7 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.2015 തിയതിയിലെ I-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 28.7.2016 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2015-16 | 27.10.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1)സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.
2) ധനകാര്യ വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി എഴുതി സൂക്ഷിച്ചിട്ടില്ല.

3)എ.സി.ആർ പ്രകാരമുള്ള തുകയും വാർഷികകണക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

4)ടോട്ടൽ സാനിട്ടേഷൻ ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാങ്ക് ബാലൻസ് – 2327416 /- രൂപ

ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാലൻസ് – 9372116 /- രൂപ

5)സംയോജിത പ്രോജക്റ്റുകൾക്ക് ഡി.ഡി. ആയല്ല തുക ലഭ്യമാക്കിയിട്ടുള്ളത്. ബാലൻസ് ഷീറ്റിൽ 125000/- രൂപ ബാലൻസ് ആയി കാണിച്ചിട്ടുണ്ട്.

6)പെൻഷൻ തുകകളുടെ വരവ്-ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7)കെട്ടിട നികുതി - വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റും രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും പൊരുത്തപ്പെടുന്നില്ല.

8)വാടക വരവ്- വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെട്ടു- ത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41405999 |
| വരവ് | 72509855 |
| ആകെ | 113915854 |
| ചെലവ് | 97084723 |
| നീക്കിയിരിപ്പ് | 16831131 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3010049 | 21117000 | 24127049 | 24127049 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 4972054 | 4087805 | 9059859 | 9059859 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 120000 | 64000 | 184000 | 184000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3654759 | 9052543 | 12707302 | 12707302 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1792131 | 3684116 | 5476247 | 5476247 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1533159 | 4925525 | 6458684 | 6458684 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4232370 | 0 | 4232370 | 4232370 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 15751652 | 15751652 | 15751652 | 0 | 100 |
| ബി ഫണ്ട് | 0 | 24987990 | 24987990 | 24987990 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 104519264 | 212 | 75030941 | 13 | 23 | 94 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9142686 | 8622656 | 520030 | |
| നികുതിയേതര വരവുകൾ | 1872858 | 1934618 | 61760 | |
| മറ്റുവരവുകൾ | 38904660 | 19904668 | 18999992 | |
| ആകെ | 49920204 | 30461942 | 19454262 | 38.9 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1092600 | 437 |
| കർഷക തൊഴിലാളി പെൻഷൻ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| വിധവാ പെൻഷൻ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| വാർദ്ധക്യകാല പെൻഷൻ | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| വികലാംഗ പെൻഷൻ | വിവരം | വിവരം ലഭ്യമല്ല |

| | | |
|---|---|---|
| | ലഭ്യമല്ല | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2016 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18489/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി പത്രങ്ങളില്ലാതെ തന്നെ ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമായ ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിൽ ഉണ്ടാകുന്ന അപാകതകൾ ഒഴിവാക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണെങ്കിലും ഓഫീസ് പ്രവർത്തനം കാര്യക്ഷമമല്ല. രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2016 | 9/2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2016 | 2011-12-2015-16 | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടയ്ക്കേണ്ട എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല

എ)തൊഴിൽ നികുതി അടയ്ക്കേണ്ട എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിലെ വിവിധ ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ തൊഴിൽ

നികുതി ഉൾപ്പെട്ടിട്ടില്ല.

| പേര് | തസ്തിക | ഓഫീസ് | അർദ്ധ വർഷം |
|---|---|---|---|
| ശ്രീ.ശ്രീനിവാസൻ.കെ.പി. | സെക്രട്ടറി | ഗ്രാമ പഞ്ചായത്ത് കാര്യാലയം | I |
| ശ്രീ.എസ്.എം.ഷാജി | അസി. എഞ്ചിനീയർ | എൽ.എസ്.ജി.ഡി. | I |
| ശ്രീ.അലിയാര്കുഞ്ഞ് | സബ്. എഞ്ചിനീയർ | കെ.എസ്.ഇ.ബി. | I |
| ശ്രീ.ഹരികുമാർ | ക്ലാർക്ക് | ജില്ലാ സഹ.ബാങ്ക് | I |
| ശ്രീമതി.നിത | ടെക്നിക്കൽ അസിസ്റ്റന്റ് | ഗ്രാമ പഞ്ചായത്ത് കാര്യാലയം | I&II |
| ശ്രീ.സിനരാജ്.ആർ | ഓഫീസ് അസിസ്റ്റന്റ് | കൃഷി ഓഫീസ് | II |
| ശ്രീ.അജികുമാർ | യു.ഡി.ടി. | താലൂക്ക് ഓഫീസ് | II |
| ശ്രീമതി.ബിന്ദുശാലിനി | ക്ലാർക്ക് | സപ്ലൈ ഓഫീസ് | II |
| ശ്രീ.ശശിധരൻ | ക്ലാർക്ക് | കെ.ഐ.പി.(ഒ&എം) | II |
| ശ്രീ.ശിവൻ പിള്ള | ഇ.ഡി.എസ്.വി. | പോസ്റ്റ് ഓഫീസ്, ശാസ്താംകോട്ട | I&II |
| ശ്രീമതി.ഉഷാരേന്ദു | ഡോക്ടർ | താലൂക്ക് ആശുപത്രി | II |
| ശ്രീ.കൃഷ്ണൻകുട്ടി | റെക്കോർഡ് കീപ്പർ | അഗ്രി. ഡെവ. ബാങ്ക് | II |

ബി) ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| പാർത്ഥസാരഥി വെഡ്ഡിംഗ് സെന്റർ | I |
| ഏ-വൺ ചിപ്സ് സെന്റർ | II |
| ഒയാസിസ് ഫ്യൂവൽസ് | I&II |
| പാർത്ഥസാരഥി ഫ്യൂവൽസ് | I&II |
| സി.ബി. ഫ്യൂവൽസ് | I&II |
| ബേബി കാഷ്യൂസ് | I&II |
| അന കാഷ്യൂസ് | II |
| ത്രിവേണി സൂപ്പർ മാർക്കറ്റ് | I&II |
| ഏഷ്യൻ സ്കാൻസ് & ലാബ് | I&II |

| | |
|---|---|
| കിരൺ കാഷ്യസ് | I&II |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.08/31.10.2016) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. തൊഴിൽ നികുതി അടയ്ക്കാത്ത ജീവനക്കാരിൽ നിന്നും നികുതി അടയ്ക്കാനാവശ്യപ്പെട്ട് അടിയന്തിരമായി അറിയിപ്പ് നൽകേണ്ടതും നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. നികുതി ഒടുക്കാത്തവർക്കെതിരെ 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 24 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ

താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കൊല്ലം ജില്ലാ സഹകരണ ബാങ്ക്

2.ഗ്രാമപഞ്ചായത്ത് പരിധിയിലെ 20 റേഷൻകടകൾ

3.ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫൈനാൻസിയേഴ്സ്

4.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 ഓഡിറ്റോറിയങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടേയും ഓഡിറ്റോറിയങ്ങളുടേയും സ്ഥാപന നികുതികൾ നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ലെന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. ഇത് ശരിയായ പ്രവണതയല്ല. ആയതിനാൽ 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി സ്ഥാപന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ആവശ്യമായ രേഖകളില്ലാതെ ലൈസൻസ് അനുവദിക്കുന്നു

ഡി & ഒ ലൈസൻസ് ചട്ട വിരുദ്ധമായും മതിയായ രേഖകളില്ലാതെയും അനുവദിച്ചിരിക്കുന്നു.

ശ്രീമതി.വത്സല, ലക്ഷ്മിപ്രിയ, മുതുപിലക്കാട് എന്ന വ്യക്തിക്ക് ഒയാസിസ് ഫ്യൂവൽസ് (III/602) എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിരിക്കുന്നു. എന്നാൽ ഫയർ & റെസ്ക്യൂ സർവ്വീസിന്റെ എൻ.ഓ.സി. ഇല്ലാതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എൻ.ഓ.സി. ഹാജരാക്കാൻ ആവശ്യപ്പെട്ട് 09-04-2015ൽ സി3-1957/15 നം. കത്ത് നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കാതെയാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്.

ശ്രീമതി. ലിതികാ ബാബു, ഗീതാഭവൻ എന്ന വ്യക്തിക്ക്, സി.ബി. ഫ്യൂവൽസ് (XVIII/359) എന്ന സ്ഥാപനം നടത്തുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസിന്റെ എൻ.ഓ.സി., ആധാര പകർപ്പ്, അനുബന്ധ രേഖകൾ എന്നിവയില്ലാതെ അപേക്ഷ മാത്രം വാങ്ങി

ലൈസൻസ് അനുവദിച്ചിരിക്കുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് (ഡി&ഒ ലൈസൻസ്) ചട്ടങ്ങൾ ചട്ടം 12 ഉപചട്ടം 5-സി പ്രകാരം ഫയർ & റെസ്ക്യൂ സർവ്വീസിന്റെ എൻ.ഓ.സി. ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കാതെ ലൈസൻസ് പുതുക്കി നൽകിയതിന് ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ശ്രീ. സുധീർ, ഇടപ്പുരയിൽ എന്ന വ്യക്തിക്ക് മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രമോ ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിട്ടേഷൻ സർട്ടിഫിക്കറ്റോ ഇല്ലാതെ പൗൾട്രി ഫാം (XVI/460) നടത്താൻ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

ശ്രീ ഷെമീർ, ഷെമീർ മൻസിൽ എന്നയാൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതെ പൗൾട്രി ഫാം നടത്താൻ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

അപേക്ഷയും അനുബന്ധ രേഖകളുമില്ലാതെ വിവിധ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.റാം മനോജ്, ബസ് ബോഡി ബിൽഡിംഗ് II/117

2.നാസറുദ്ദീൻ,ബേക്കറി II/86

3.കെ.പി.ചന്ദ്രൻ, സാമിൽ XVIII/120

4.ഹാരിസ്, സൂപ്പർ മാർക്കറ്റ് XVIII/593,594

5.ലത്തീഫ്, ഫ്ലവർ മിൽ XIV/156

6.ജയദേവൻ പിള്ള, പൗൾട്രി ഫാം XVII/598

7.സന്തോജ്, സെയ്യൽ കാഷ്യൂസ് XVI/256-260

8.ലീലാമ്മ തോമസ്, ഫ്ലവർ മിൽ VIII/378

അപേക്ഷയും അനുബന്ധ രേഖകളുമില്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12/31-10-2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകളില്ലാതെ ലൈസൻസ് അനുവദിച്ച സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും മതിയായ രേഖകളില്ലാതെ ലൈസൻസ് അനുവദിച്ച ഇത്തരം സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള ഫീസ് ഈടാക്കുന്നില്ല.

ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് സാധാരണ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക രാജിയാക്കൽ ഫീസും (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം137(4) ) അതോടൊപ്പം പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ് (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം135(3)). എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. ഇത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവുണ്ടാക്കുന്നതുമാണ്. ആയതിനാൽ തുടർന്ന് ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഓട്ടോ വാങ്ങുന്നതിന് സബ്സിഡി -രേഖകളില്ലാത്തതിനാൽ 200000/-രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടോ വാങ്ങുന്നതിന് സബ്സിഡി എന്ന പദ്ധതി പ്രകാരം ഓട്ടോ വാങ്ങുന്നതിനായി സബ്സിഡിയിനത്തിൽ 50000/-രൂപ വീതം വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരുംവിലാസവും | തുക ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ | ബിൽനം / തീയതി |
|---|---|---|---|
| 1 | വിഷ്ണു, തുളസി മന്ദിരം, മുതുപിലാക്കാട്. | എസ്.ബി.ടി, ശാസ്താംകോട്ട | 30/15-16;18.3.16 |
| 2 | രാജൻ.സി, ലതാമന്ദിരം, മുതുപിലാക്കാട്. | എസ്.ബി.ടി, ശാസ്താംകോട്ട | 30/15-16;18.3.16 |
| 3 | പ്രദീപ്,പ്രസാദ് ഭവനം,പോരുവഴി. | ഇന്ത്യൻബാങ്ക്, ശാസ്താംകോട്ട. | 30/15-16;18.3.16 |
| 4 | ലക്ഷ്മണൻ,തെക്കേ ചരുവിൽ,മനക്കര,ശാസ്താംകോട്ട. | എസ്.ബി.ടി,ശാസ്താംകോട്ട | 42/15-16;30.3.16 |
| | ആകെ | 200000/- | |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഓട്ടോ വാങ്ങിയതിന്റെ രേഖകൾ (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്) ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ് എൻക്വയറിക്ക് (നം.3; 28.10.2016 ) തൃപ്തികരമായ മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 കാലിത്തീറ്റ വിതരണം രേഖകൾ ഹാജരാക്കിയില്ല - 250000/- രൂപ തടസ്സപ്പെടുത്തുന്നു.

ഡയറി ഫാം ഇസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാലിത്തീറ്റ

വിതരണം എന്ന പദ്ധതിയ്ക്കായി 2,50,000 രൂപ വിവിധ സംഘങ്ങളിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമനം | സംഘത്തിന്റെ പേര് | തുക (രൂപ) | ബിൽ നം./ തീയതി |
|---|---|---|---|
| 1 | പള്ളിശ്ശേരിക്കൽ കെ.യു.സി.എസ് | 104572 | 02/15-16<br>17.02.2016 |
| 2 | ഭരണിക്കാവ് കെ.യു.സി.എസ് | 11884 | 02/15-16<br>17.02.2016 |
| 3 | ശാസ്താംകോട്ട കെ.യു.സി.എസ് | 26097 | 02/15-16<br>17.02.2016 |
| 4 | സിനിമാപ്പറമ്പ് കെ.യു.സി.എസ് | 20596 | 05/15-16<br>21.03.2016 |
| 5 | കരിംതോട്ടുവാ കെ.യു.സി.എസ് | 86851 | 05/15-16<br>21.03.2016 |
| | ആകെ | 250000 | |

മേൽ പദ്ധതിയുടെ ചെലവ് സംബന്ധിച്ച് ഗുണഭോക്താക്കൾ സംഘങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങിയ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/1.11.2016) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാലിത്തീറ്റ വാങ്ങിയ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 വിനിയോഗ പൂർത്തീകരണ രേഖകളില്ല - പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് തടസ്സപ്പെടുത്തുന്നു

സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ ഗതാഗത തടസ്സമുണ്ടാക്കി നിന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 129604 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം | തുക (രൂപ) | വാർഡ് നം. |
|---|---|---|---|
| 1 | 21500062 | 9655 | I |
| 2 | 21500064 | 6756 | IV |
| 3 | 21500063 | 8463 | I |

| | | | |
|---|---|---|---|
| 4 | 21500127 | 5041 | XV |
| 5 | 21500148 | 5464 | XIX |
| 6 | 21500149 | 5737 | XIX |
| 7 | 21500219 | 8394 | VI |
| 8 | 21500232 | 8945 | XIX |
| 9 | 21500298 | 7424 | XIX |
| 10 | 21500334 | 9596 | XIX |
| 11 | 21500365 | 14735 | XIX |
| 12 | 21500461 | 9576 | I,XIV,XV |
| 13 | 21500581 | 14253 | IV,VIII |
| 14 | 21500859 | 7776 | V |
| 15 | 21500884 | 7779 | II |
| | ആകെ | 129604 | XVI |

ശാസ്താംകോട്ട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരമാണ് തുകകൾ കൈമാറിയിട്ടുള്ളത്. പണി പൂർത്തീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/31.10.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പോസ്റ്റ് ഷിഫ്റ്റിംഗിന് ചെലവഴിച്ച 129604/- രൂപ തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ രജിസ്ററർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 115794/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, എത്ര യൂണിറ്റ് ഉപയോഗിക്കുന്നുവെന്നോ യാതൊരു ആധികാരിക രേഖയും ഇല്ലാതെയാണ് ഇത്രയും തുക കെ.എസ്.ഇ.ബിയുടെ ഡിമാന്റിനെ മാത്രം അടിസ്ഥാനമാക്കി എല്ലാ മാസവും ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന- തിൻെറ നടപടികൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാതെവരുന്നു. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരമൊടുക്കുന്നു.

2015-16 സാമ്പത്തിക വർഷം S004/16 പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നും പ്രതിമാസം 216125/- രൂപ വീതം വെള്ളക്കരമിനത്തിൽ

അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയാണ് ഒടുക്ക് വരുത്തുന്നത്. പ്രവർത്തനക്ഷമമായ 494 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റി തുക ഈടാക്കുന്നത്. ഡിമാന്റ് അനുസരിച്ചുള്ള തുക ഒടുക്കുന്നതല്ലാതെ കുടിവെള്ള ടാപ്പുകളുടെ എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗ ശൂന്യമായത്, ഉപയോഗ-യോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/28.10.16)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(ആർ .ടി) 2242/2011 തസ്വഭവ തീ 28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 3-6 പൂർത്തീകരണ / വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 2149041/- രൂപ തടസ്സപ്പെട്ടുത്തുന്നു.

2015-16 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ പൂർത്തീകരണ/വിനിയോഗസർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ തുക (രൂപ) | ചെലവ് തുക | ബിൽ നം./ഡി ഡി നം./തീയതി | തുക കൈപറ്റിയ വ്യക്തി /സ്ഥാപനം |
|---|---|---|---|---|---|
| 1. | മണ്ണെണ്ണ മുക്ക് ഗാരേജ് റോഡ് ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ 256/16 | 81403 (തനത്ഫണ്ട്) | 81403 | 001487/10.9.2015 | അസി. എക്സി. എൻജിനീയർ, പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ്, ശാസ്താംകോട്ട |
| 2 | ആൽത്തറ വിള പഴയ പോലീസ് സ്റ്റേഷൻ റോഡ്-പൈപ്പ് ലൈൻ സ്ഥാപിക്കൽ 180/16 | 2,20,000 (തനത്ഫണ്ട്) 1,50,000 (ബ്ളോക്ക് പഞ്ചായത്ത് വിഹിതം) | 2,20,000 | 008204/6.11.2015 | എക്സി.എൻജിനീയർ, പി.എച്ച്ഡിവിഷൻ, കെ.ഡബ്ള്യൂ.എ,കൊല്ലം |
| 3 | മീഡിയാശ്രീ 12/16 | 65000 (തനത്ഫണ്ട്) | 65,000 | 001465/23.8.2015 | കുടുംബശ്രീജില്ലാ മിഷൻ കോർഡിനേറ്റർ |
| 4 | അതുല്യം -216/16 | 2,00,000 (തനത്ഫണ്ട്) | 1,22,638 | 21500989/12.2.16 | സംസ്ഥാന സാക്ഷരതാ മിഷൻ |
| 5 | ഐ.എ.വൈ -അധിക വിഹിതം | 6,80,000 (വികസന | 6,80,000 | 037572/31.3.2016 | സെക്രട്ടറി,ശാസ്താംകോട്ട ബ്ളോക്ക് പഞ്ചായത്ത്. |

| | | | | | |
|---|---|---|---|---|---|
| | (ജനറൽ)7/16 | ഫണ്ട്ജനറൽ) | | | |
| 6 | ഐ.എ.വൈ -അധിക വിഹിതം (എസ്.സി.പി)8/16 | 9,80,000 (വികസന ഫണ്ട്- എസ്.സി.പി) | 9,80,000 | 037571/31.3.16 | സെക്രട്ടറി,ശാസ്താംകോട്ട ബ്ളോക്ക് പഞ്ചായത്ത് |
| | | ആകെ | 21,49,041 | | |

പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 21,49,041/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 കണ്ടോലിൽ മുക്ക് - കാവിൻമുക്ക് റോഡ് കോൺക്രീറ്റിംഗ് - അധികം തുക നൽകി - 1164/- രൂപ നഷ്ടം

പ്രോജക്റ്റ് നം -120/16

അടങ്കൽ -3,29,000/-രൂപ

എഗ്രിമെൻറ് നം-32/15-16 dt 19.8.15

ഗുണഭോക്തൃ സമിതി കൺവീനർ – ശ്രീ. രാജേന്ദ്രൻ പിള്ള

എം ബുക്ക് നം – 29 /15

ഫൈനൽ തുക- 3,07,180/-രൂപ

ചെക്ക് നം. – 1009248/30.11.15

ഡിഡി നം- 839935/15.12.15

മേൽ പ്രവൃത്തിയിൽ 107 m നീളത്തിലും 3m വീതിയിലും റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് . ഈ പ്രവൃത്തിയുടെ എം. ബുക്കും ബില്ലും പരിശോധിച്ചതിൽ എസ്റ്റിമേറ്റിലും യഥാർത്ഥത്തിൽ ചെയ്തതിലും അധികം തുക അനുവദിച്ച് നൽകിയതായി കാണുന്നു. രണ്ടാം ഇനമായ ക്വാറി മക്ക് ഫില്ലിംഗാണ് ആദ്യം നടപ്പിലാക്കിയത്. ആയതിന്റെ എം.ബുക്ക് പ്രകാരമുള്ള അളവ് ചുവടെ ചേർക്കുന്നു.

25.20m x3mx.10m=7.56 m3

12.10mx2.3mx.10m=2.76m3

=10.32 m3

(-)shringe -1.55m3

8.77m3

estimate പ്രകാരം 8.5 m3 ആണ് അളവ് എങ്കിലും എം. ബുക്ക് പ്രകാരമുള്ള അളവ് അംഗീകരിച്ച് തുക നൽകിയിട്ടുണ്ട്.
ഒന്നാം ഇനമായ സർഫസ് ഡ്രസ്സിങ്ങിന്റെ എസ്റ്റിമേറ്റ് അളവ് 240 m3 ആണ്. എം. ബുക്ക്

അളവ് ചുവടെ ചേർക്കുന്നു.

86.80 mx 3.20 m=277.76m3

(_)qurry muck 12.10mx2.3m=27.83 m2

total=250.16m2

എന്നാൽ അംഗീകരിച്ച് നൽകിയ അളവ് -252m2.

യഥാർത്ഥത്തിൽ എം.ബുക്ക് അളവ് പ്രകാരം ഫില്ലിംഗ് ഏരിയ മുഴുവൻ കുറവ് ചെയ്യുന്നതിന് പകരം 27.83 m2 മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.
എം.ബുക്ക് പ്രകാരമുള്ള ഫില്ലിംഗ് ഏരിയ

25.20mx3m=75.6

12.10mx2.3m=27.83

=103.43

അനുവദനീയമായ സർഫസ് ഡ്രസ്സിംഗ് അളവ് -277.76m2-103.43 =174.33m2

അനുവദിച്ച് നൽകിയ അളവ് -252m2

അധികം നൽകിയ തുക - 252m2x1536.69/100m2 = 3872.45

(-)174.33 m2x1536.69/100m2 = 2678.91

=1193.54

=1194/-

ഇത് സംബന്ധിച്ച ആഡിറ്റ് എൻക്വയറി നം. 10 ന് നൽകിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് എ.ഇ അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 9,000<br>15,000 | നെൽകൃഷി വികസനം | - | 9,000<br>15,000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ജില്ലാ പഞ്ചായത്ത് | | | | | |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 1,25,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന-വർക്കുള്ള സ്കോളർഷിപ്പ് | 1,25,000 | - |
| ജില്ലാ പഞ്ചായത്ത് | | 1,25,000 | | - | 1,25,000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 62,500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന-വർക്കുള്ള സ്കോളർ ഷിപ്പ് | - | 62,500 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 1.84,617 | മുസ്ലിയാർ ഫാമിൽ പ്രൈവറ്റ് ബസ് സ്റ്റാൻഡ് നിർമ്മാണം | - | 1,84,617 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 3,50,000 | പതിനാലാം വാർഡിൽ അംഗനവാടി നിർമ്മാണം | - | 3,50,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മണ്ണെണ്ണ മുക്ക്-ഗ്യാരേജ് റോഡ് വൈദ്യുതലൈൻ എക്സ്റ്റൻഷൻ | 001487/10.9.2015 | 81,353 | 81,353 | - |

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ആൽത്തറ വിള മുതൽ പഴയ പോലീസ് സ്റ്റേഷൻ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14701/18.9.2015 | 2,20,000 | 2,20,000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ (രൂപ) | പലിശ (രൂപ) | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) 522/10/ തസ്വഭവ 17.2.10 | 19110000 | 9105993 | 9105993 | - | 0 |

## 4-5. സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1418/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-6 | 1418 | ശ്രീ.ഷാജി, | 11511101109/15.5.2015 |

| | | | | |
|---|---|---|---|---|
| | | | അസി.എഞ്ചിനീയർ | |

വാർഷിക കണക്ക് പ്രകാരം 26625/- രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ 1418/- രൂപയുടെ വരവ് മാത്രമാണ് വരവായി കാണിച്ചിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | വാട്ടർ സപ്ലൈ, വൈദ്യുതീകരണം ഒഴികെയുള്ള പ്രവർത്തികൾ പൂർത്തിയാക്കി |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72509855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97084723 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1194 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2728645 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-7 | | 1194 | ശ്രീമതി.ആഭ ഗോപിനാഥ് അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,00,000 | ശ്രീ.എസ്.ശിവകുമാർ, അസി.സെക്രട്ടറി |
| 3-2 | 2,50,000 | ശ്രീമതി.ഷാഹിദ.കെ. ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-3 | 1,29,604 | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |
| 3-6 | 21.49,041 | ഡോ.ജി.പ്രീതിനാഥ് , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആഭ ഗോപിനാഥ് അസി.എഞ്ചിനീയർ | ലഭ്യമല്ല | കൊച്ചഴികം, മയ്യനാട് പി.ഒ, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ക്യു പി2/1195(1)/14 /12.06.14 |
| 1997-98 | എൽ എഫ് ക്യു പി2/1195(2)/14 /12.06.14 |
| 1998-99 | എൽ എഫ് ക്യു പി2/1195(3)/14 /12.06.14 |
| 1999-00 | എൽ എഫ് ക്യു പി2/1195(4)/14 /12.06.14 |
| 2000-01 | എൽ എഫ് ക്യു പി2/1195(5)/14 /12.06.14 |
| 2001-02 | എൽ എഫ് ക്യു പി2/1195(6)/14 /12.06.14 |
| 2002-03 | എൽ എഫ് ക്യു പി2/1195(7)/14 /12.06.14 |
| 2003-04 | എൽ എഫ് ക്യു പി2/1195(8)/14 /12.06.14 |
| 2004-05 | എൽ എഫ് ക്യു പി2/1195(9)/14 /12.06.14 |
| 2005-06 | എൽ എഫ് ക്യു പി2/1195(10)/14 /12.06.14 |
| 2006-07 | എൽ എഫ് ക്യു പി2/1195(11)/14 /12.06.14 |
| 2007-08 | എൽ എഫ് ക്യു പി2/1195(12)/14 /12.06.14 |
| 2008-09 | എൽ എഫ് ക്യു പി2/1195(12)/14 /12.06.14 |
| 2009-10 | എൽ എഫ് ക്യു പി2/1195(13)/14 /12.06.14 |
| 2010-11 | എൽ എഫ് ക്യു പി2/1195(14)/14/12.06.14 |
| 2011-12 | നം.കെ എസ് എ-കെഎൽ എം പി 2/1189/ 1508.09.15 |

| | |
|---|---|
| 2012-13 | നം.കെ എസ് എ-കെഎൽ എം പി 2/875/14/ 11.09.15 |
| 2013-14,2014-15 | നം.കെ എസ് എ-കെഎൽ എം പി 2/479/2016/ 31.3.2016 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.2 – 1846/ 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –04/02/2017

സാക്ഷ്യപത്രം 2015-2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.